**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **12-02-2025 - ൽ മറുപടിയ്ക്ക്**

**സൂപ്പർവൈസറി തസ്തികയിലെ ജനറൽ ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ സൂപ്പർവൈസറി തസ്തികയിലെ ജനറൽ ട്രാൻസ്ഫറിനുള്ള കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണിത് പ്രസിദ്ധീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | **ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിനുള്ള കരട് പട്ടിക യഥാക്രമം 16-07-2024, 24-07-2024 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്** |
| (ബി) | അന്തിമ പട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി സംബന്ധിച്ച് ഡി. ജി. ഇ.- [ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ] യുടെ സർക്കുലർ ഉണ്ടായിട്ടും ബന്ധപ്പെട്ടവർ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം എന്താണെന്നും അന്തിമ പട്ടിക ഉടൻതന്നെ പുറപ്പെടുവിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കാമോ? | (ബി) | **പൊതുസ്ഥലംമാറ്റം പ്രോസസ് ചെയ്ത സോഫ്റ്റ്‌വെയറിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് കാലതാമസം നേരിട്ടതാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കാൻ വൈകിയത്. ആയത് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അപാകതകൾ പരിഹരിച്ച് സ്ഥലംമാറ്റ പട്ടിക പൂർത്തിയാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ